മാധ്യമം 13/07/2025
Kochi edition, page no : 2
column no :3

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്

മട്ടാഞ്ചേരി: ജില്ലാ ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ത്രോബോൾ ചാമ്പ്യൻഷിപ്പ് 21, 22 തിയതികളിൽ മട്ടാഞ്ചേരി ഗുജറാത്തി റോഡിലെ കുറുവ മൈതാനിയിൽ നടക്കും.

ആഗസ്റ്റിൽ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കുമെന്ന് ജില്ലാ സെക്രട്ടറി സൽമാൻ ഫാരിസ് അറിയിച്ചു. 16 നു മുൻപായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും നടത്തേണ്ടതാണ്. ഫോൺ: 9207075619.

ദേശാഭിമാനി 13/07/2025
Kochi edition, page no : 2
column no : 5

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ് 21ന് തുടങ്ങും

**മട്ടാഞ്ചേരി**

ജില്ലാ ജൂനിയർ ആൺ–പെൺ ത്രോബോൾ ചാമ്പ്യൻഷിപ് 21നും 22നും മട്ടാഞ്ചേരി ഗുജറാത്തി റോഡിലെ കുറുവ മൈതാനത്ത് നടക്കും. ആഗസ്തിൽ ആലപ്പുഴയിൽ നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കുമെന്ന് ജില്ലാ സെക്രട്ടറി സൽമാൻ ഫാരിസ് അറിയിച്ചു. 16നുമുമ്പായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും നടത്തണം. ഫോൺ: 92070 75619.

മംഗളം 13/07/2025
Kochi edition, page no : 2
column no : 6

# ജില്ല ത്രോബോൾ ചാമ്പ്യൻഷിപ്പ്

മട്ടാഞ്ചേരി: ജില്ലാ ജൂനിയർ ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും ത്രോബോൾ ചാമ്പ്യൻഷിപ്പ് 21,22 തിയതികളിൽ മട്ടാഞ്ചേരി ഗുജറാത്തി റോഡിലെ കുറുവ മൈതാനിയിൽ നടക്കും. ആഗസ്റ്റിൽ ആലപ്പുഴ ജില്ലയിൽ നടക്കുന്ന സംസ്ഥാന മത്സരത്തിലേക്കുള്ള ജില്ലാ ടീമിനെ തെരഞ്ഞെടുക്കുമെന്ന് ജില്ലാ സെക്രട്ടറി സൽമാൻ ഫാരിസ് അറിയിച്ചു. 16 നു മുൻപായി പ്ലേയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും നടത്തേണ്ടതാണ്. ഫോൺ : 9207075619.

**മലയാളം മനോരമ 14/08/2025**
**Kochi edition, page no : 2**
**column no : 3**

മലയാള മനോരമ




ജില്ലാ ജൂനിയർ ത്രോ ബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ ഫോർട്ട്കൊച്ചി ഫാത്തിമ ഗേൾസ് അക്കാദമി ടീം. യാക്കാ സ്പോർട്സ് കൊച്ചിയെ ആണ് പരാജയപ്പെടുത്തിയത്. ജില്ലാ സ്പോർട്സ് കൗൺസിൽ നിരീക്ഷകൻ വി.എസ്.ഷിഹാബുദീൻ സമ്മാനം നൽകി.

# ചന്ദ്രിക 13/08/2025
# Kochi edition, page no : 11
# column no : 7

---



*ത്രോബോൾ ജില്ലാ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ മട്ടാഞ്ചേരി ഗുജറാത്തി അക്കാദമിയംഗങ്ങൾ ട്രോഫിയുമായി.*

## ത്രോബോൾ ജില്ല മത്സരം: ഗുജറാത്തി അക്കാദമി ചാമ്പ്യൻമാർ

മട്ടാഞ്ചേരി: ജില്ല ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി അക്കാദമി ചാമ്പ്യന്മാരായി . തിരുവാണിയൂർ സ്റ്റെല്ല മേറിസ് ക്ലബ് രണ്ടാം സ്ഥാനക്കാരായി .കരിമ്പാടം ഡി. ഡി സഭയും, കൂവപാടി സെന്റ് ആനിസും മൂന്നാം സ്ഥാനം പങ്കിട്ടു. മട്ടാഞ്ചേരി ഗുജറാത്തി അക്കാദമിയിലെ മൊഹമ്മദ് നജാദ്, ഫോർട്ട് കൊച്ചി ഫാത്തിമ ക്ലബ്ബിലെ സമൃദാ എന്നിവരെ ചാമ്പ്യൻഷിപ്പിലെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു. ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ. ഡി. ഷാ സമ്മാനദാനം നിർവഹിച്ചു. ത്രോബോൾ ജില്ല സെക്രട്ടറി ഇൻ ചാർജ് എച്ച്. സൽമാൻ ഫാരിഷ് അധ്യക്ഷത വഹിച്ചു. ത്രോബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.എം .ഷാഹുൽ ഹമീദ് സംസാരിച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ യാക്കാ സ്പോർട്സും ഫാത്തിമ ക്ലബ്ബും തമ്മിലുള്ള ഫൈനൽ മത്സരം ബുധനാഴ്ച നടക്കും.

മലയാളം മനോരമ 13/08/2025
Kochi edition, page no : 2
column no : 5



എറണാകുളം ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി ടീം.

# ഗുജറാത്തി സ്പോർട്സ് അക്കാദമി ജേതാക്കൾ

മട്ടാഞ്ചേരി● എറണാകുളം ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടാഞ്ചേരി ഗുജറാത്തി സ്പോർട്സ് അക്കാദമി ചാംപ്യന്മാരായി.

തിരുവാണിയൂർ സ്റ്റെല്ലാ മാരിസ് ക്ലബ് 2-ാം സ്ഥാനം നേടി. കരിമ്പാടം ടിഡി സഭ, കൂവപ്പടി സെന്റ് ആനിസ് എന്നിവ 3-ാം സ്ഥാനം പങ്കിട്ടു. ഗുജറാത്തി വിദ്യാലയ മാനേജർ ചേതൻ ഡി. ഷാ സമ്മാനം നൽകി. ത്രോബോൾ ജില്ലാ സെക്രട്ടറി എച്ച്. സൽമാൻ ഫാരിഷ് അധ്യക്ഷത വഹിച്ചു.

പെൺകുട്ടികളുടെ വിഭാഗം ഫൈനൽ ഇന്നു നടത്തും.